IT ...

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2356 18/03/2015-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ശിശു മരണങ്ങൾ തടയുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജ് ആരംഭിക്കുന്നത് പരിഗണനയിലില്ല.<br>എന്നാൽ അട്ടപ്പാടി മേഖലയിലെ ശിശുമരണങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും, സാമൂഹ്യനീതി, ആരോഗ്യം, കൃഷി, വനം, പോലീസ്, സിവിൽ സപ്ലൈസ് തുടങ്ങി വിവിധ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013 വർഷം ഭക്ഷണത്തിലെ പോഷണ കുറവ്, ഭാരക്കുറവ് എന്നീ പോരായ്മകളുള്ള 299 കുട്ടികൾ ഉള്ളതായി കണ്ടെത്തിയിരുന്നു. ഇവർക്ക് അട്ടപ്പാടിയിലെ 3 പഞ്ചായത്തികളിലായി പ്രവർത്തിക്കുന്ന ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന പ്രത്യേക പരിചരണം നൽകി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നീ വകുപ്പുകളുടെ സമയോചിതമായതും ജാഗ്രതയോടു കൂടിയതുമായ ഇടപെടൽ നിമിത്തം 2014 വർഷം ശിശുമരണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭാരക്കുറവുള്ള കുഞ്ഞുങ്ങളുടെ ജനനം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 80% കണ്ട് കുറവു വന്നിട്ടുണ്ട്. വിവിധ വകുപ്പുകളുടേയും കുടുംബശ്രീ പ്രവർത്തകരുടേയും ആത്മാർത്ഥമായ ഇടപെടൽ മൂലം വീടുകളിലെ പ്രസവം ഗണ്യമായി കുറയ്ക്കുവാനും അതുവഴി ഉണ്ടാകുന്ന മരണം ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഗർഭം അലസി പോകുന്ന കേസുകളിലും കാര്യമായ കുറവ് വന്നിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് ആറുമാസം ആകുന്നതുവരെ മുലയൂട്ടുന്ന അമ്മമാർക്കും, തീരെ പോഷകക്കുറവും ഭാരക്കുറവുമുമുള്ള കുഞ്ഞുങ്ങൾക്കും, അപകടകരമായ ഗർഭാവസ്ഥയുള്ള സ്ത്രീകൾക്കും വേണ്ടുന്ന |

| | | | |
|---|---|---|---|
| | | | സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി ഊരുകൾ സന്ദർശിച്ച് യഥാസമയം വിവരം റിപ്പോർട്ട് ചെയ്യുന്നതിന് എസ്.റ്റി. പ്രൊമോട്ടർ, അംഗനവാടി വർക്കർ, കുടുംബശ്രീ അനിമേറ്റർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ആശാവർക്കർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഭാരക്കുറവുള്ള കുട്ടികൾക്ക് തീവ്രപരിചരണം നൽകി സംരക്ഷിക്കുന്നതിന് കോട്ടത്തറ ഗവ: ട്രൈബൽ ആശുപത്രിയിൽ ഇൻക്യുബേറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗർഭിണികളെ പരിചരിക്കുന്നതിനായി ടി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റുകളുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 1000/- രൂപ വീതം (ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരം) മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അയച്ചു കൊടുക്കുന്നു.<br>ദേശീയ ഗ്രാമീണ ഉപജീവനോപാധി വികസന ദൗത്യം (എൻ.ആർ.എം.എൽ.) ഭാഗമായി ഒട്ടുമിക്ക ഊരുകളിലും കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തനം നടത്തി വരുന്നു. കുറുമ്പർ താമസിക്കുന്ന ഊരുകളിൽ പി.വി.റ്റി.ജി. പാക്കേജ് പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിതരണവും നടക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും വിലയിരുത്തുന്നതിനുമായി ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഒരു ജനകീയ സമിതി രൂപീകരിക്കുകയും ടി സമിതി കൃത്യമായ ഇടവേളയിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നിർദ്ദേശങ്ങളും ശുപാർശകളും ബന്ധപ്പെട്ടവർക്ക് നൽകുന്നുമുണ്ട്. ടി. സമിതിയിൽ ബഹു: പാലക്കാട് എം.പി, പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അട്ടപ്പാടി ഡിവിഷൻ മെമ്പർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അഗളി/പുതൂർ/ഷോളയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവരും അംഗങ്ങളാണ്. |

R.N.

**സെക്ഷൻ ഓഫീസർ**